(ബി) ഈ പുനരുദ്ധാരണ പദ്ധതി പ്രകാരം എത്ര മോട്ടോറുകളും പമ്പുസെറ്റുകളും മാറ്റി സ്ഥാപിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) എന്നത്തേയ്ക്ക് ഈ പദ്ധതി പൂർത്തീകരിക്കും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആലുവ നിയോജകമണ്ഡലത്തിലെ 12 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെയും പുനരുദ്ധാരണ നടപടികൾ ആരംഭിച്ചു. എല്ലാ ജോലികൾക്കും ടെണ്ടർ ക്ഷണിച്ചു കഴിഞ്ഞു.

(ബി) 12 പദ്ധതികളിലായി 13 പമ്പുസെറ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് കരാർ ഉറപ്പിച്ച് വർക്ക് ഓർഡർ കൊടുത്തിട്ടുണ്ട്.

(സി) മോട്ടോർ പമ്പുസെറ്റുകൾ ലഭിക്കുന്ന മുറയ്ക്ക് എല്ലാ ജോലികളും പൂർത്തീകരിക്കുന്നതാണ്.

ജലപാതയുടെ നിർമ്മാണ പ്രവർത്തനങ്ങൾ

31 (2129) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കായലുകളെ ബന്ധിപ്പിച്ചുകൊണ്ടുള്ള ജലപാതയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ :

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എന്തു തുക ഈ ആവശ്യത്തിനു ചെലവഴിച്ചു ; എത്ര കിലോമീറ്റർ ദൂരത്തിൽ ഏതെല്ലാം ഭാഗം ഗതാഗത യോഗ്യമാക്കി ;

(സി) കേന്ദ്ര സർക്കാരിൽ നിന്നും ഈ പദ്ധതിക്ക് ധനസഹായം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്തു തുക ഇതേവരെ ലഭിച്ചിട്ടുണ്ട് ;

(ഡി) പണി പൂർത്തിയായി എന്നവകാശപ്പെടുന്ന ഭാഗങ്ങൾപോലും പൂർണ്ണമായി ഗതാഗതയോഗ്യമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ജലപാതയുടെ നിശ്ചിത വീതി എത്രയാണ് ; പഴയ മാപ്പിംഗ് പ്രകാരമുള്ള പുറമ്പോക്ക് ഭൂമി ഈ ആവശ്യത്തിന് ലഭ്യമാണോ ;

(എഫ്) പല റീച്ചുകളിലും അനാവശ്യമായി നിർമ്മാണ പ്രവർത്തനം തുടങ്ങുന്നതിന്റെ കാരണം വിശദമാക്കുമോ ; എന്നത്തേക്ക് പണി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ?

ഉത്തരം

(എ) നടയറ മുതൽ ഇരവിപുരം വരെയുള്ള 11.50 കി.മീ. നീളത്തിൽ ജലപാത പൂർത്തിയാക്കിയിട്ടുണ്ട്. കൊല്ലം-കൊവളം ജലപാതിയിൽ 62 ബോട്ടു

LIBRARY ARCHIVES Kerala Legislative Assembly

ജെട്ടികളും പൂർത്തീകരിച്ചിട്ടുണ്ട്. കോവളം മുതൽ ഐ.എസ്.ആർ.ഒ. വരെയുള്ള റീച്ചുകളും, വർക്കല തുരങ്കത്തിന്റെ ഭാഗവും നിരവധി പ്രാവശ്യം ടെണ്ടർ ക്ഷണിച്ചുവെങ്കിലും വേണ്ടത്ര കരാറുകാർ മുന്നോട്ട് വരാത്തതിനാൽ പണികൾ ഏറ്റെടുത്ത് നടത്തുവാൻ സാധിച്ചില്ല. കൂടാതെ കൊല്ലംതോടിന് ഇരുവശമുള്ള വീടുകാരെ മാറ്റിപ്പാർപ്പിക്കാൻ താമസം നേരിട്ടതിനാൽ പണികൾ ഉപേക്ഷിക്കേണ്ടിവന്നു.

തൃശ്ശൂർ ജില്ലയിൽ വരുന്ന പൊന്നാനി-കൊച്ചി കനാലിന്റെ വികസനത്തിനായി പുവത്തുംകടവ് മുതൽ അണ്ടത്തോട് വരെയുള്ള 4.50 കി.മീ. വരെയുള്ള ദൂരം പൂർത്തീകരിച്ചിട്ടുണ്ട്.

മലപ്പുറം ജില്ലയിൽ വരുന്ന പൊന്നാനി-കൊച്ചി കനാലിന്റെ വികസനത്തിനായി 6.109 കോടി രൂപ അനുവദിച്ചത് ഉപയോഗിച്ച് 800 മീറ്റർ പണി പൂർത്തിയാക്കി. കനോലി കനാലിന്റെ വികസനത്തിനായി 4.75 കോടി രൂപയുടെ പ്രവൃത്തികൾ നടപ്പിലക്കി.

കോഴിക്കോട് ജില്ലയിൽ വടക്കുമ്പാട് നദിയുടെ വികസനത്തിനായി 55 ലക്ഷം രൂപയുടെ പണി പൂർത്തിയാക്കി. ബേപ്പൂർ-കല്ലായി കനാലിന്റെ വികസനത്തിനായി 4.76 കോടി രൂപ ഉപയോഗിച്ച് 80% പണികൾ പൂർത്തിയാക്കി.

ഇരഞ്ഞിക്കൽ-കല്ലായി കനാലിന്റെ വികസനത്തിനായി രണ്ടാം ഘട്ടത്തിൽ 3.49 കോടി രൂപയുടെ പദ്ധതി ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ കുപ്പം നദിയുടെ വികസനത്തിനായി 1.58 കോടി രൂപ ഉപയോഗിച്ചും പാലക്കോട് നദിക്ക് 18.60 ലക്ഷം രൂപ ഉപയോഗിച്ചും പണികൾ പൂർത്തിയാക്കി. പെരുമ്പ നദിക്ക് 8.60 ലക്ഷം രൂപ ഉപയോഗിച്ച് പണി പൂർത്തീകരിച്ചു. കൊറ്റി-കൊട്ടപ്പുറം ജലപാതയ്ക്ക് 11.90 കോടി രൂപയുടെ പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. സുൽത്താൻ കനാലിന്റെ കോഴിബസാർ പാലത്തിന്റെ പുനർനിർമ്മാണം ഭാഗികമായി പൂർത്തിയാക്കി. കണ്ണൂർ ജില്ലയിൽ ആകെ 41.83 കി.മീ. നീളത്തിൽ ജലപാത നവീകരണം പൂർത്തിയാക്കി. കൂടാതെ 5 ബോട്ട് ജെട്ടികളും പൂർത്തിയാക്കിയിട്ടുണ്ട്.

ഫീഡർ കനാൽ :

എറണാകുളം ഡിവിഷന് അനുവദിച്ച 2.25 കോടി രൂപ ഉപയോഗിച്ച് 9 ബോട്ട് ജെട്ടികളും 11 ചങ്ങാടം ലാന്റിംഗുകളും പൂർത്തീകരിച്ചു.

കോട്ടയം ജില്ലയിൽ ചെത്തിപ്പുഴ കനാൽ 58.20 ലക്ഷം രൂപയും വെട്ടിക്കാട് മീനച്ചിറ ശാസ്താംകടവ് കനാൽ 58.50 ലക്ഷം രൂപയും കുറുപ്പുംതറ മാർക്കറ്റ് കനാൽ 30.50 ലക്ഷം രൂപയും കൊടുർപ്പുഴ 55.70 ലക്ഷം രൂപയും ചങ്ങളം ചുള്ളാഗം നാലിതോട് കനാൽ 49.10 ലക്ഷം രൂപയും, പുത്തൻതോട് കനാൽ 33 ലക്ഷം രൂപയും, ലാപാലം കനാൽ 188 ലക്ഷം രൂപയും ഉപയോഗിച്ച് പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 3 ബോട്ട് ജെട്ടികളും പൂർത്തിയാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ ഫീഡർ കനാലിന് 65.40 ലക്ഷം രൂപയും, കുമ്പളത്ത്ക്കരി ഫീഡർ കനാലിന് 62.30 ലക്ഷം രൂപയും, മടയൻതോടിന് 91.10 ലക്ഷം രൂപയും, കാടാച്ചിറ നദിക്ക് 71.80 ലക്ഷം രൂപയും ഉപയോഗിച്ച് പണികൾ പൂർത്തീകരിച്ചു. കൂടാതെ കണ്ണംകുരുത്തി തോടിന് 54.40 ലക്ഷം രൂപയും, കരിയാർ പുഴയ്ക്ക് 85.70 ലക്ഷം രൂപയും, പുച്ചക്കൽ കായലിന് 71 ലക്ഷം രൂപയും ഉപയോഗിച്ച് പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 13 ബോട്ട് ജെട്ടികളും പൂർത്തിയാക്കിയിട്ടുണ്ട്. തൃശ്ശൂരിലുള്ള ഷൺമുഖം കനാൽ 106 ലക്ഷം രൂപ ഉപയോഗിച്ച് പണികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ഉൾനാടൻ ജലപാത വികസനത്തിന് വേണ്ടി 61.55 കോടി രൂപയും, പൊതുമേഖലാ സ്ഥാപനങ്ങൾ വഴി ചെയ്യുന്ന പ്രവൃത്തികൾക്ക് വേണ്ടി 40 കോടി രൂപയും ചേർത്ത് 101.55 കോടി രൂപ ചെലവഴിച്ചു.

(സി) ഉണ്ട്. ഒന്നാംഘട്ട അലോട്ടുമെന്റായി 52 കോടിരൂപ ലഭിച്ചു.

(ഡി) ഈ ഭാഗങ്ങൾ ഗതാഗതയോഗ്യമാണ്. സുൽത്താൻ കനാലിന് കുറുകെ കോഴിബസാർ പാലം പണി പൂർത്തിയാകാത്തതിനാൽ ഗതാഗത തടസ്സം ഉണ്ട്. തൃശ്ശൂർ ഭാഗത്ത് കോട്ടപ്പുറം മുതൽ പുവത്തിൻകടവ് വരെയുള്ള ഭാഗത്ത് പണികൾ പൂർത്തിയാകാത്തതിനാൽ ഗതാഗത തടസം ഉണ്ട്.

(ഇ) സംസ്ഥാന ജലപാതയ്ക്ക് നിർദ്ദേശിക്കപ്പെട്ട കുറഞ്ഞ വീതി 14 മീറ്റർ ആണ്. തിരുവനന്തപുരം, കൊല്ലം, മലപ്പുറം ജില്ലകളിൽ പുറമ്പോക്ക് കയ്യേറ്റങ്ങൾ ഉള്ളതിനാൽ നിർദ്ദിഷ്ട വീതി കിട്ടാത്ത ഭാഗങ്ങൾ ഉണ്ട്.

(എഫ്) 1. അനധികൃത മണൽ ഖനനം നടക്കുന്നു എന്ന പരാതിയുടെ വെളിച്ചത്തിൽ റവന്യൂ, പോലീസ്, മൈനിംഗ് ആന്റ് ജിയോളജി വകുപ്പുകൾ പലപ്പോഴും പണികൾ നിർത്തി വെയ്പിച്ചിട്ടുണ്ട്.

2. തൊഴിൽ തർക്കങ്ങളും തദ്ദേശ ഇടപെടലുകളും പലപ്പോഴും പണി തടസ്സപ്പെടുത്തി.

3. തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ കനാലിന്റെ ഭാഗത്ത് ഏകദേശം 2100-ൽപ്പരം കുടുംബങ്ങൾ പാർക്കുന്നു. ഇവരെ പുനരധിവസിപ്പിച്ചതിന് ശേഷമേ പണികൾ സുഗമമായി മുന്നോട്ട് കൊണ്ടുപോകുവാൻ സാദ്ധ്യമാകുകയുള്ളൂ.

4. കനാൽ ഭൂമിയുടെ അതിരുകൾ നിർണ്ണയിക്കുന്ന പ്രവൃത്തികൾ പല ജില്ലകളിലും ഇതുവരെ പൂർത്തിയായിട്ടില്ല.

5. ബന്ധപ്പെട്ട കളക്ടർമാർക്ക് സർവ്വേ നടപടികൾക്കുള്ള പണം 2008-ൽ നൽകിയിട്ടും കൊല്ലം ജില്ലയിൽ മാത്രമേ അതിർത്തി നിർണ്ണയം പൂർത്തിയാക്കിയിട്ടുള്ളൂ.

6. പലയിടത്തും കനാൽ ഭൂമി അനധികൃതമായി കൈയ്യേറിയിട്ടുണ്ട്. കയ്യേറ്റങ്ങൾ ഒഴിപ്പിച്ചാൽ മാത്രമേ കനാൽ നിർമ്മാണം ഏറ്റെടുക്കാൻ കഴിയൂ.

LIBRARY ARCHIVES Kerala Legislative Assembly

7. പുന്നുറ-കോവളം ഭാഗത്ത് കനാൽ ഭൂമി ഭാഗികമായി കടലാക്രമണത്തിൽ നഷ്ടപ്പെട്ടിട്ടുണ്ട്.

8. കോവളം ഭാഗത്ത് കനാൽ തൊണ്ടയുക്കൽ സൊസൈറ്റികളുടെ അധീനതയിൽ ആണ്. ഇവരുടെ പ്രവർത്തനങ്ങൾ കനാലിന്റെ ഒരു ഭാഗത്തായി നിജപ്പെടുത്തേണ്ടതുണ്ട്.

ഫണ്ടിന്റെ ലഭ്യത അനുസരിച്ചും, കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ കഴിയുന്ന മുറയ്ക്കും പ്രവൃത്തികൾ മുന്നോട്ട് കൊണ്ടുപോകാൻ കഴിയുന്നതാണ്.

നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ

32 (2130) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ 2008-09, 2009-10 വർഷത്തിൽ ഭരണാനുമതി ലഭിച്ച ജലവിതരണ വകുപ്പിന്റെ കീഴിലുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പണി പൂർത്തിയാക്കിയവ ഏതൊക്കെയാണെന്നും, പണി നടന്നു വരുന്നവ ഏതൊക്കെയാണെന്നും വെളിപ്പെടുത്തുമോ ;

(സി) ഇനിയും പ്രവൃത്തി ആരംഭിക്കാനുള്ളവ ഏതൊക്കെയാണെന്നും അതിനുള്ള കാലതാമസം എന്താണെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) ന്റെ കീഴിലുള്ള പ്രവൃത്തികളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*. മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ 2008-09 വർഷത്തിൽ കരകുളം പഞ്ചായത്തിന് വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ വിപുലീകരണം-രണ്ടാംഘട്ടം എന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 2009-10 വർഷത്തിൽ പുതിയ പദ്ധതികൾ ഒന്നും ഏറ്റെടുത്തിട്ടില്ല. ഡയറക്ടർ (മൂലധന വകുപ്പ്) ന്റെ കീഴിൽ 2008-09-ൽ വരൾച്ചാ ദുരിതാശ്വാസത്തിൽ ഉൾപ്പെടുത്തി നിലവിലുള്ള 64 കുഴൽ കിണറുകളിൽ കേടായി കിടന്ന ഹാൻഡ് പമ്പുകൾ നന്നാക്കുന്നതിനും 13 കുഴൽകിണറുകൾ നിർമ്മിച്ച് ഹാൻഡ് പമ്പുകൾ ഘടിപ്പിക്കുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്

(ബി) ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും)ന്റെ കീഴിൽ ചെറുകിട ജലസേചന വിഭാഗത്തിന് കീഴിലുള്ള എല്ലാ പണികളും പൂർത്തീകരിച്ചു. നദീതട സംരക്ഷണ പദ്ധതിയുടെ കീഴിലുള്ള അരുവിക്കര

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly